**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3308** — 10-12-2018 -ൽ മറുപടിക്ക്

**ദുരന്ത നിവാരണ അതോറിറ്റിയുടെ നടത്തിപ്പിനായി ഫണ്ട്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എ.പി. അനിൽ കുമാർ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ദുരന്ത നിവാരണ അതോറിറ്റിയിൽ സ്ഥിരം സെക്രട്ടറിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ ആരെയാണ് നിയമിച്ചിരിക്കുന്നതെന്നും എന്നു മുതലാണ് പ്രസ്തുത വ്യക്തി സെക്രട്ടറിയുടെ ചുമതല നിർവഹിച്ചുവരുന്നതെന്നും വ്യക്തമാക്കുമോ; | എ) | ദുരന്ത നിവാരണ അതോറിറ്റിക്ക് സ്ഥിരം സെക്രട്ടറി എന്ന പദവി ദേശീയ ദുരന്ത നിവാരണ നിയമത്തിൽ ഇല്ല. സെക്രട്ടറി എന്ന പദവിയും ഇല്ല. അതോറിറ്റിയിലെ ഒരു അംഗം എക്സ് ഒഫീഷ്യോ പദവിയിൽ മെമ്പർ സെക്രട്ടറി ആയി കേരള സംസ്ഥാന ദുരന്ത നിവാരണ ചട്ടം പ്രകാരം നിയോഗിക്കപ്പെട്ടിട്ടുണ്ട്. ഡോ.ശേഖർ എൽ കുര്യാക്കോസ് ആണ് നിലവിൽ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ആയി 28-3-2016 മുതൽ ചുമതല വഹിച്ചു വരുന്നത്. |
| ബി) | ദുരന്ത നിവാരണ അതോറിറ്റിയുടെ നടത്തിപ്പിനായി ദേശീയ / അന്തർ ദേശീയ ഫണ്ട് ലഭിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | മുൻകാലങ്ങളിൽ ലഭിച്ച ദേശീയ / അന്തർദേശീയ ഫണ്ട് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ? | | (താഴെ പട്ടികകൾ) |

| കേന്ദ്ര ഫണ്ട് | ലഭിച്ചത് | ഉപയോഗിച്ചത് |
|---|---|---|
| 2010-2011 | 2,43,91,000 | 2,43,89,719 |
| 2011-2012 | 30,00,000 | 30,00,000 |
| 2012-2013 | 1,28,00,000 | 1,28,00,000 |
| 2013-2014 | 2,00,00,000 | 1,93,45,774 |
| 2016-2017 | 64,12,000 | 62,30,245 |
| 2017-2018 | 22,70,000 | 22,70,000 |

| അന്തർ ദേശീയ ഫണ്ട് (യു.എൻ.ഡി.പി) | ലഭിച്ചത് | ഉപയോഗിച്ചത് |
|---|---|---|
| 2015 | 13,51,721 | 13,51,721 |
| 2016 | 1,50,000 | 1,50,000 |
| 2017 | 8,81,000 | 8,81,000 |

സെക്ഷൻ ഓഫീസർ